(സി) പ്രവർത്തനത്തിന് അത്യാവശ്യമായ തസ്തികകളിൽ നിയമനം നടത്തേണ്ടി വന്നാൽ അതിന് സംഘം ഭരണസമിതികൾ ഇപ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) നിയമനം പി.എസ്.സി. ക്ക് വിട്ട സ്ഥാപനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി താൽക്കാലിക നിയമനം നടത്താം. പ്രാഥമിക ക്രെഡിറ്റ് സംഘങ്ങൾക്ക് രജിസ്ട്രാറുടെ 3.5.1999-ലെ 18/99 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പരിപാലിച്ച് നിയമനം നടത്താം. പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു.†

184 (1728) സഹകരണ സ്ഥാപനങ്ങളിലേക്ക് ഡെപ്യൂട്ടേഷൻ വഴിയുള്ള നിയമനങ്ങൾ

ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. പി.കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ സഹകരണ സ്ഥാപനങ്ങളിലേക്ക് ഡെപ്യൂട്ടേഷൻ വഴിയുള്ള നിയമനങ്ങളിൽ സമുദായ സംവരണതത്വം പാലിക്കുന്നുണ്ടോയെന്ന് അന്വേഷിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അന്വേഷിക്കുമോ;

(സി) മേൽപ്പറഞ്ഞ സംസ്ഥാനങ്ങളിലെ സഹകരണ സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ വഴിയുള്ള നിയമനത്തിൽ സംവരണതത്വം പാലിക്കുന്നുണ്ടെങ്കിൽ നമ്മുടെ സംസ്ഥാനത്തും അത് നടപ്പിലാക്കുമോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)-(ഡി) ഡെപ്യൂട്ടേഷൻ നിയമനം സ്ഥിരമായ ഒന്നല്ല. വളരെ ചുരുങ്ങിയ സ്ഥാപനങ്ങളിൽ മാത്രമാണ് ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിച്ചിട്ടുള്ളത്. ഇതിന് സംവരണതത്വം പാലിക്കാൻ വ്യവസ്ഥ ചെയ്യേണ്ട കാര്യമില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly